പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.T1680 | 03.05.2017 ൽ മറുപടി<br>നല്കേണ്ടത്. |

## മത്സ്യങ്ങളിൽ അമോണിയ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കാസർഗോഡ് ജില്ലയിൽ, ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന മത്സ്യങ്ങളിൽ വ്യാപകമായ തോതിൽ അമോണിയ ചേർക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇവ തടയുന്നതിനും ഇത്തരം മത്സ്യ വണ്ടികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | | കേരളത്തിലെ വിപണിയിൽ ലഭ്യമായിട്ടുള്ള മത്സ്യങ്ങളിൽ അമോണിയ ചേർക്കുന്നു എന്ന പരാതിയുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനതലത്തിൽ ആവിഷ്ക്കരിച്ച ഓപ്പറേഷൻ സാഗർറാണി പദ്ധതിയുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ 6/2/2017 മുതൽ 15/2/2017 വരെ വിവിധ മത്സ്യവിപണന കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും വിവിധയിനം മത്സ്യങ്ങളുടെയും ഐസ്, വെള്ളം എന്നിവയുടെയും 25 സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും സാമ്പിളുകൾ രാസമുക്തമാണെന്ന് കണ്ടെത്തുകയും ചെയ്തു.സാഗർറാണിയുടെ രണ്ടാം ഘട്ടപ്രവർത്തനത്തിന്റെ ഭാഗമായി മത്സ്യമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്ക് ജില്ലയിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. തുടർ പരിശോധനകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ